കാര്യങ്ങളുടെ പുരോഗതി പിന്നീട് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ഏതായാലും അത് ചെയ്യേണ്ട കാര്യം തന്നെയാണ്. ബന്ധപ്പെട്ട മന്ത്രിയുമായി ആലോചിച്ച് അക്കാര്യങ്ങൾ ചെയ്യുന്നതാണ്. അൺ-എയ്ഡഡ് മേഖലയിലുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് നടപടിയെടുക്കാൻ സർക്കാർ തയ്യാറാണ്. പക്ഷെ നടപടിയെടുക്കാനാവശ്യമായ പരാതികൾ ഇതിന് വിധേയമാകുന്ന ആളുകളിൽ നിന്ന് ലഭിക്കുന്നില്ല എന്നുള്ളതാണ് വസ്തുത.

VI സബ്മിഷൻ

1. സർക്കാർ ഭൂമി വ്യക്തികൾക്ക് കൈമാറൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, പുരാവസ്തു വകുപ്പ് വർഷങ്ങളായി സംരക്ഷിച്ചുപോരുന്ന, കാസർഗോഡ് നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കാസർഗോഡ് കോട്ടയുടെ 5 ഏക്കർ 41 സെന്റ് ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ സർക്കാർ തലത്തിൽ നീക്കം നടക്കുന്നു. ഈ ഭൂമിക്ക് ഏകദേശം 22 കോടി രൂപ വിലവരുമെന്ന് കണക്കാക്കപ്പെടുന്നു. 1903-ൽ ഗണപയ്യ എന്ന ആൾക്ക് മദ്രാസ് ബോർഡ് ഓഫ് റവന്യൂ ഗ്രൗണ്ട് റെന്റിന് നൽകിയ ഭൂമിയാണിത്. ഇയാളുടെ അനന്തരാവകാശി, 3-5-1986-ൽ അമ്മു പൂജാരി എന്ന ആൾക്ക് സബ്-ലീസിന് നൽകി. അമ്മു പൂജാരിയുടെ അനന്തരാവകാശികൾ 1971-ൽ ഭൂപരിഷ്കരണ നിയമം ചട്ടം (4) അനുസരിച്ച് ജന്മാവകാശം പതിച്ചുകിട്ടുന്നതിനായി അപേക്ഷ നൽകി. എന്നാൽ 1974-ൽ കോഴിക്കോട് അപ്പലേറ്റ് അതോറിറ്റി ഈ ആവശ്യം നിരസിച്ചു. അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവിനെതിരെ അമ്മു പൂജാരിയുടെ അന്തരാവകാശികൾ കാസർഗോഡ് സബ് കോടതി, കാസർഗോഡ് ജില്ലാ കോടതി, കേരള ഹൈക്കോടതി എന്നിവയെ സമീപിച്ചു. എന്നാൽ ഹൈക്കോടതി ഉൾപ്പെടെയുള്ള എല്ലാ കോടതികളും കോഴിക്കോട് ലാന്റ് ട്രൈബ്യൂണൽ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് ശരിവച്ചു. അതിനുശേഷം പ്രസ്തുത ഭൂമി ഗ്രൗണ്ട് റെന്റിന് ലഭിച്ചിരുന്ന ഗണപയ്യയുടെ അനന്തരാവകാശികൾ 17-8-2009-ൽ തളങ്കര വില്ലേജ് ഓഫീസർ മുമ്പാകെ കരം സ്വീകരിക്കണമെന്ന് അപേക്ഷ നൽകി. 19-8-2009-ൽ ഇവരിൽ നിന്ന് കരം സ്വീകരിക്കാൻ കാസർഗോഡ് തഹസീൽദാർ ഉത്തരവായി. അതനുസരിച്ച് അവരിൽനിന്നും കടിശ്ശിക സഹിതം നികുതി സ്വീകരിക്കുന്നു. കരം സ്വീകരിച്ച് ആഴ്ചകൾക്കുള്ളിൽത്തന്നെ പ്രസ്തുത സ്ഥലം ഗണപയ്യയുടെ അനന്തരാവകാശികൾ, സജി സെബാസ്റ്റ്യൻ, കൃഷ്ണൻ നായർ, ഗോപിനാഥൻ നായർ എന്നിവർക്ക് വിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെതിരെ 2010-ൽ കാസർഗോഡ് ഡി. വൈ.എഫ്.ഐ. ബ്ലോക്ക് കമ്മിറ്റി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എനിക്ക് പരാതി നൽകി. ആ പരാതി അന്വേഷിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടു. അന്നത്തെ ജില്ലാ കളക്ടറായിരുന്ന ശ്രീ. ആനന്ദ് സിംഗ് പ്രസ്തുത പരാതി പരിശോധിച്ച് നികുതി സ്വീകരിച്ചത് ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിർത്തിവയ്ക്കുകയും ഗ്രൗണ്ട് റെന്റിന് എടുത്ത ആളിന്റെ അനന്തരാവകാശികൾ പാട്ട വ്യവസ്ഥ ലംഘിച്ചതിനാൽ പാട്ടവ്യവസ്ഥ റദ്ദു ചെയ്യുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുകയും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തഹസിൽദാർ ഏറ്റെടുക്കണമെന്നും നിർദ്ദേശിച്ചു.

ഈ ഉത്തരവിനെതിരെ സജി സെബാസ്റ്റ്യൻ ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. അന്നത്തെ ലാന്റ് റവന്യൂ കമ്മീഷണറായിരുന്ന ശ്രീ. ടി. ഒ. സൂരജ്, 25-1-2013-ൽ കളക്ടറുടെ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് അപ്പീൽ കക്ഷികൾക്ക് സ്ഥലത്തിന്മേലുള്ള നിയമപരമായ അവകാശം അനുവദിച്ചു നൽകണമെന്നും തർക്കഭൂമി കണ്ടെത്തി നൽകുന്നതിന് സർവ്വേ അധികാരികൾക്ക് നിർദ്ദേശം നൽകണമെന്നും ഉത്തരവിട്ടു. ഇതിനെത്തുടർന്ന് സർവ്വേ നടത്തി കോട്ടയുടെ മതിലകം ഉൾപ്പെടുന്ന 13 സെന്റ് ഭൂമി മാത്രം മാറ്റി ബാക്കി ശ്രീ. സജി സെബാസ്റ്റ്യനും കുട്ടാളികൾക്കും പതിച്ചു നൽകാൻ തീരുമാനിച്ചിരിക്കുകയാണ്.

ഈ നടപടി നിയമപരമായി യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്. കോടിക്കണക്കിന് രൂപ വില വരുന്ന സർക്കാരിന്റെ ഭൂമി കൈക്കൂലി വാങ്ങികൊണ്ട് യാതൊരവകാശവുമില്ലാത്തവർക്ക് തീറെഴുതി കൊടുക്കുവാനുള്ള തീരുമാനം അടിയന്തരമായി റദ്ദ് ചെയ്യണമെന്നും ഇക്കാര്യത്തിൽ സമഗ്രമായ ഒരന്വേഷണത്തിന് ഉത്തരവിടണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, കാസർഗോഡ് ജില്ലയിലെ തളങ്കര വില്ലേജിൽ 27/6, 27/7, 27/10, 27/13, 27/14, 28/2 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 4.80 ഏക്കർ ഭൂമിയാണ് ഈ സബ്മിഷന് ആധാരമായി ഇവിടെ പറഞ്ഞിട്ടുള്ളത്. 30-9-1909-ലെ മദ്രാസ് ബോർഡ് ഓഫ് റവന്യൂവിന്റെ റെസല്യൂഷൻ പ്രകാരമാണ് ടി സ്ഥലം ഗണപയ്യ എന്ന ആൾക്ക് ഗ്രൗണ്ട് റെന്റിന് നൽകിയിട്ടുള്ളത്. ഇതിനാസ്പദമായ വ്യവസ്ഥകളിൽ സ്ഥലം പരമ്പരാഗതമായി കൈമാറുന്നതിനും സബ്ലീസ് ചെയ്യുന്നതിനും മാത്രമേ അനുവാദം നൽകിയിരുന്നുള്ളൂ. എന്നാൽ കൈമാറ്റം ചെയ്യുവാൻ യാതൊരു വ്യവസ്ഥയും ഇല്ലാത്തതാണ്. ഗണപയ്യയുടെ മരണശേഷം ടി സ്ഥലം അദ്ദേഹത്തിന്റെ അനന്തരാവകാശികളിൽ ഒരാളായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സഞ്ജീവ് റാവുവിന് ലഭിച്ചു. ടിയാൻ ഇത് ആ ഭൂമിയിലെ താമസക്കാരനായ അമ്മു പൂജാരിയുടെ പിതാവിന് 1956-ൽ സബ്‌ലീസ് ചെയ്തു. അമ്മു പൂജാരി 1971-ൽ ഈ ഭൂമിക്ക് ലാന്റ് ട്രിബ്യൂണലിൽനിന്നും പട്ടയം പിടിച്ചു. ഈ ഉത്തരവിനെതിരെ ഗണപയ്യയുടെ പൗത്രനായ ശ്രീ. രമേശറാവു കോഴിക്കോട് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും അപ്പീൽ അനുവദിച്ചുകൊണ്ട് ടി സ്ഥലം സർക്കാർ സ്ഥലമാണെന്ന് വ്യക്തമാക്കുകയും ചെയ്തു. തുടർന്ന്, സബ് കോടതിയും ജില്ലാ കോടതിയും ബഹുമാനപ്പെട്ട ഹൈക്കോടതിയും ഈ വിധി ശരിവയ്ക്കുകയുണ്ടായി. പിന്നീട് ഗണപയ്യയുടെ പൗത്രന്മാരിലൊരാൾ കാസർഗോഡ് തഹസീൽദാരിൽ നിന്നും 2009-ൽ ടി ഭൂമിക്ക് കരമൊടുക്കിയശേഷം ടി ഭൂമി സജി സെബാസ്റ്റ്യൻ, കൃഷ്ണൻ നായർ, ഗോപിനാഥൻ നായർ എന്നിവർക്ക് വിൽപ്പന നടത്തുകയുണ്ടായി. എന്നാൽ 2010-ൽ ഈ കൈമാറ്റം അനധികൃതമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കരം സ്വീകരിച്ച തഹസീൽദാരുടെ ഉത്തരവ് അസ്ഥിരപ്പെടുത്തുകയും ടി ഭൂമി സർക്കാർ ഭൂമിയാണെന്ന് വ്യക്തമാക്കുകയും ചെയ്തു. ഈ ഉത്തരവിനെതിരെ ഭൂമി വാങ്ങിയ കക്ഷികൾ ലാന്റ് റവന്യൂ കമ്മീഷണർക്ക് അപ്പീൽ നൽകുകയും 25-1-2013-ലെ ഉത്തരവുപ്രകാരം അപ്പീൽ അനുവദിക്കുകയും ചെയ്തു. ടി ഭൂമി അളക്കുന്നതിനും കൈവശക്കാരുടെ അവകാശം സ്ഥാപിക്കുന്നതിനും ഉത്തരവായി. എന്നാൽ ഈ ഉത്തരവ് ഇതുവരെയും ജില്ലാ കളക്ടർ നടപ്പാക്കിയിട്ടില്ല. കാരണം, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കണ്ടെത്തലിന് വിരുദ്ധമായിട്ടാണ് കമ്മീഷണറുടെ ഉത്തരവ് വന്നിട്ടുള്ളത്. കാസർഗോഡ് കോട്ടയുടെ ഭൂമി സർക്കാർ ഭൂമിയായിത്തന്നെ ഇപ്പോഴും തുടരുകയാണ്. കാസർഗോഡ് തഹസീൽദാരുടെ കൈവശത്തിലാണ് ഈ ഭൂമി ഇപ്പോഴും ഇരിക്കുന്നത്. അങ്ങ് ആശങ്കപ്പെടുന്നതുപോലെ ഒരു കാരണവശാലും സർക്കാരിന്റെ ഭൂമി അനധികൃതമായി മറ്റ് ആളുകൾക്ക് ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാവുകയില്ലായെന്ന് ഞാൻ ഉറപ്പുതരികയാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന പല ആളുകളുമുണ്ട്. അവരുടെ ലക്ഷ്യം അങ്ങ് പറഞ്ഞതുപോലെ കുറഞ്ഞ വിലയ്ക്ക് ഈ ഭൂമി വാങ്ങുകയും കൂടിയ വിലയ്ക്ക് ഭൂമി വിൽപ്പന നടത്തുകയെന്നതുമാണ്. ഏതാണ്ട് 22 കോടി രൂപയോളം വിലവരുന്ന ഭൂമിയാണെന്ന് അങ്ങുതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ പിന്നിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നത് ആര് എന്നത് ഇവിടെ പ്രസക്തമല്ല. ആരാണെങ്കിലും അത്തരക്കാർക്ക് പ്രോത്സാഹനം നൽകുന്ന നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലായെന്ന് ഞാൻ അങ്ങേക്ക് ഈ അവസരത്തിൽ ഉറപ്പുതരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly